പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 908 | 05.03.2018-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ദാസൻ : | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ വിവിധ സർക്കാരുകളുടെ കാലയളവിൽ ഭരണാനുമതി ലഭിച്ചിട്ടും സ്ഥലമെടുപ്പ് നടപടികളിലെ കാലതാമസം കാരണത്താലും മറ്റു സാങ്കേതിക കാരണങ്ങളാലും മുടങ്ങിക്കിടക്കുന്ന എത്ര പദ്ധതികൾ കോഴിക്കോട് ജില്ലയിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുവിഭാഗത്തിനു കീഴിൽ വിവിധ സർക്കാരുകളുടെ കാലയളവിൽ ഭരണാനുമതി ലഭിച്ചിട്ടും സ്ഥലമെടുപ്പ് നടപടി മുടങ്ങി കിടക്കുന്ന 2 പദ്ധതികൾ നിലവിലുണ്ട്. (1). ഉള്ളൂർക്കടവ് പാലം (2). നടമ്മൽക്കടവ് പാലം. |
| (ബി). കൊയിലാണ്ടി, ബാലുശ്ശേരി മണ്ഡലങ്ങളുമായി ബന്ധപ്പെട്ട ഉള്ളൂർക്കടവ് പാലം നിർമ്മാണ പദ്ധതി ഇത്തരത്തിൽ വർഷങ്ങളായി മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സ്ഥലമെടുപ്പ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് - റവന്യൂ വകുപ്പുകളിലെ ഏകോപനമുണ്ടാക്കി കോഴിക്കോട് ജില്ലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ആക്ഷൻ പ്ലാനിന് രൂപം നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം ഒഴിവാക്കുന്നതിന് പൊതുമരാമത്ത്, റവന്യൂ വകുപ്പുകളുടെ ഏകോപനമുണ്ടാക്കി കോഴിക്കോട് ജില്ലയിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഒരു ആക്ഷൻ പ്ലാനിന് രൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉള്ളൂർക്കടവ് പാലത്തിന് ആവശ്യമായ 1.443 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ LARR ആക്ട് 2014 പ്രകാരം അനുമതി നൽകണമെന്ന നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ 01.03.2018 ന്. സർക്കാരിന് ലഭ്യമായിട്ടുണ്ട്. നടമ്മേൽ കടവ് |

പാലം നിർമ്മാണത്തിനാവശ്യമായ 0.2711 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ LARR ആക്ട് 2014 പ്രകാരം അനുമതി നൽകണമെന്ന നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

S. Binish

സെക്ഷൻ ഓഫീസർ